

SATURDAY 21-05-2022 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram – 695003,**

**Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/05/2022.

1. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ പദ്ധതി ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു സഹായകരമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കും. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാകുന്നതാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, എൻ ബി എഫ് സി-കൾ, എൻ.സി.ഡി.സി, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാകും. കേന്ദ്ര സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൊല്ലം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| ഡോ. ബിനി സാം – പ്രോഗ്രാം കോർഡിനേറ്റർ | 9447525264 |
| ഡോ.ബിന്ദു പൊടിക്കൂഞ്ഞ് – (എസ്.എം.എസ് അഗ്രി . എക്സ്റ്റൻഷൻ) | 9745643733 |
| പൂർണിമ യാദവ്. പി.ഐ – (എസ്. എം. എസ് അഗ്രോണമി) | 9744645106 |
| ഡോ.ലത എം – ( എസ്. എം. എസ് പ്ലാൻറ് പ്രൊട്ടക്ഷൻ) | 9446088020 |
| ഡോ. സരോജ് കുമാർ. വി - (എസ്. എം. എസ് ഹോർട്ടികൾച്ചർ) | 9605920457 |
| ഡോ. പാർവ്വതി എസ് – (എസ്. എം. എസ്, അനിമൽ ഹസ്ബൻഡറി) | 9061766019 |
| ഷംസിയ. എ.ച്ച് – (എസ്. എം. എസ്, ഹോം സയൻസ്) | 9995112620 |
| ഇസബെല്ല ജോബ് – (എസ്. എം. എസ്, അഗ്രോ മെട്രോളജി, ഡി. എ.എം.യു പ്രൊജക്ട്) | 9446093329 |

3. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ പ്രവർത്തനമൂലധനം വായ്പയായി ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കുവാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, സംസ്ഥാന മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പും കൈകോർക്കുന്നതിനായി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി വിളിച്ചുചേർത്ത യോഗത്തിൽ ഇനി പറയുന്ന കാര്യങ്ങൾ തീരുമാനമായി. ജൂൺ ഒന്നു മുതൽ വായ്പ പദ്ധതിക്ക് തുടക്കം കുറിക്കും. ആദ്യഘട്ടത്തിൽ 10000 കിസാൻ ക്രെഡിറ്റ് കാർഡ് അനുവദിക്കും. ക്ഷീരവരകസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) വിവിധ പദ്ധതികൾക്കായി പരിശീലനവും, വായ്പാ സഹായവും ഇതിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡ് അപേക്ഷ നൽകിയിട്ട് വായ്പ ലഭിക്കാത്ത കർഷകർക്ക് ആദ്യഘട്ടത്തിൽ മുൻഗണനാ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കും. കിസാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്രെഡിറ്റ് കാർഡ് അപേക്ഷ കൈകാര്യം ചെയ്യുന്നതിലുള്ള സങ്കീർണതകൾ ഒഴിവാക്കാൻ ഐ ടി അധിഷ്ഠിത സംവിധാനത്തിന് രൂപം കൊടുക്കും. നിലവിൽ മൃഗസംരക്ഷണ വകുപ്പ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂമിക ഡേറ്റാ ബേസ് അധിഷ്ഠിതമായി കർഷകരെ തിരിച്ചറിഞ്ഞ് യഥാർത്ഥ കർഷകർക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിക്കാണ് രൂപം കൊടുക്കുന്നത്. ക്ഷീരകർഷകർക്ക് ഗുണമേന്മ ഒരു മാനദണ്ഡമാക്കി പാലിന് അധിക വില നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ മിൽമയുടെ ഉത്പന്നങ്ങൾ വിതരണത്തിനായി മൊബൈൽ ഷോപ്പുകൾ വനിതാ സംരംഭകർക്ക് ആയി ആരംഭിക്കുവാൻ സഹായം നൽകുന്ന വിഷയവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ് ബി ഐ) യുടെ പരിഗണനയിലുണ്ട്. ഈ പദ്ധതിയുടെ ഏകോപനത്തിനായി എസ് ബി ഐ യുടെയും സർക്കാരിന്റെയും പ്രതിനിധികൾ അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയതായും മന്ത്രി അറിയിച്ചു.

4. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് ( മേയ് 27) രാവിലെ 10 മണി മുതൽ ജില്ലയിലെ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ചിത്രരചന, ഉപന്യാസരചന എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഇന്നു (മേയ് 21) വൈകിട്ട് 4 മണിക്ക് മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. മത്സരാർത്ഥികൾ സ്കൂൾ ഐഡന്റിന്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ജൂൺ ഒന്നിന് വിതരണം നടത്തുന്നതാണെന്നും പട്ടം ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഇന്നു (മേയ് 21) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

6. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 23-ന് (മേയ് 23) രാവിലെ 10 മണി മുതൽ **മഴക്കാലത്ത് അനുവർത്തിക്കേണ്ട മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ** എന്ന വിഷയത്തിൽ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466-2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷനു കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നു. **മെയ് 24, 25, 26** തിയ്യതികളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ തൃശൂർ ജില്ലയിലെ വെള്ളാനിക്കരയിലുള്ള കർഷകഭവനത്തിലാണ് പരിപാടി നടക്കുന്നത്. ത്രിദിന ക്യാമ്പിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, വിത്ത് പന്തു നിർമ്മാണം, ഗ്രോബാഗ് ഒരുക്കൽ, ടെററിയം, കൊക്കഡാമ നിർമ്മാണം എന്നിവയിൽ പ്രായോഗിക പരിശീലനവും, കേരള കാർഷിക സർവകലാശാല ഫാം സന്ദർശനവും ഒരുക്കിയിരിക്കുന്നു. കഴിഞ്ഞ അധ്യയന വർഷം എട്ടാം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കാണ് അവസരം. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0487 2371104** എന്ന നമ്പറിൽ ഇന്ന് (21.05.2022) വൈകിട്ട് 5 മണിക്ക് മുമ്പ് വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

8. വെള്ളാനിക്കര, കാർഷികസർവകലാശാലയിലെ കാർഷിക കാലാവസ്ഥവിഭാഗം, ഗ്രാമീൺ കൃഷി മൗസം സേവ -തൃശ്ശൂർ നൽകുന്ന നിർദേശങ്ങൾ :

'ജില്ലയിൽ മൂന്നു ദിവസത്തേക്ക് വ്യാപകമായ സ്ഥലങ്ങളിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തവും അതിശക്തവുമായ മഴയ്ക്കും, ഇടിമിന്നലോടുകൂടിയ മഴയ്ക്കും സാധ്യതയുണ്ട്. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക, കന്നുകാലികളെ മഴക്കാലരോഗങ്ങളിൽനിന്നും സംരക്ഷിക്കാൻ തൊഴുത്തും പരിസരപ്രദേശങ്ങളും വെള്ളക്കെട്ടില്ലാതെ വൃത്തിയായി സൂക്ഷിക്കുക, കോഴിക്കൂട് ഈർപ്പരഹിതമായി നിലനിർത്താൻ പഴയ അറയ്ക്കപൊടി ഇടയ്ക്കു ഇളക്കികൊടുക്കുയും, പുതുക്കികൊടുക്കുകയും ചെയ്യുക. നിലവിൽ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ, പ്രതേകിച്ച് നെൽകൃഷിയുള്ള പാടങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ മെച്ചപെടുത്തുക. കൊല്ലം, തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ രണ്ടുദിവസത്തേക്കും, തൃശൂർ, എറണാകുളം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മലപ്പുറം ജില്ലകളിൽ മൂന്നു ദിവസത്തേക്കും ഓറഞ്ച് അലർട്ടും ഭാരതീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗം (IMD) പ്രവചിച്ചിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുടനീളം ലഭിച്ചുകൊണ്ടിരിക്കുന്ന തുടർച്ചയായ മഴ താഴ്ന്ന പ്രദേശങ്ങളിൽ, പ്രത്യേകിച്ച് നദികളുടെ പരിസരപ്രദേശങ്ങളിൽ വെള്ളക്കെട്ടിനും, മണ്ണൊലിപ്പിനും കാരണമായേക്കാം. അതിനാൽ താഴ്ന്ന മേഖലയിലും, മലയോര മേഖലയിലും, അടിയന്തരമായ മുൻകരുതലുകൾ കൈകൊള്ളണമെന്ന് അറിയിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം